18
SATURDAY
# ദുബായ് വാർത്ത
www.dubaivartha.com
MAY 2019
A WHATSAPP NEWS PAPER


## വാറ്റ് നിരക്ക് വർദ്ധിപ്പിക്കണം : ഐ എം എഫ്




ജി സി സി രാജ്യങ്ങളുമായി ചർച്ചകൾ നടത്തിയ ശേഷമാണ് ഐഎംഎഫ് വാറ്റ് നിരക്ക് വർദ്ധിപ്പിക്കാൻ ആവശ്യപ്പെട്ടത്.

## വിദേശികൾക്ക് പ്രിവിലേജ്ഡ് ഇഖാമ

### പ്രതീക്ഷയോടെ സൗദി മലയാളികൾ



പ്രാദേശിക സ്പോൺസറില്ലാതെ വിദേശികൾക്ക് സൗദിയിൽ താമസിക്കാനും വ്യവസായങ്ങൾ തുടങ്ങാനും സ്ഥലവും കെട്ടിടവും വാഹനവും ഉൾപ്പെടെ വസ്തുവകകൾ സ്വന്തം പേരിൽ വാങ്ങാനും അനുമതി നൽകുന്നതാണ് പുതിയ ഇഖാമ.

## അജ്മാനിലെ പെൺവാണിഭ സംഘത്തിന്റെ പിടിയിൽ കുടുങ്ങി മലയാളി യുവതികൾ;



ഷാർജ ഇന്ത്യൻ സ്കൂളിൽ ബസ് അറ്റൻഡർ തസ്തികയിൽ ജോലി വാഗ്ദാനം ചെയ്ത് 85000 രൂപ വാങ്ങി വിസ നൽകി വാണിഭ സംഘം കൊല്ലം ജില്ലയിലെ 2 യുവതികളെ കസ്റ്റഡിയിലാക്കി.ബന്ധുവിന്റെ സഹായ ത്തോടെ രക്ഷപെട്ട യുവതികളെ ഷാർജ ഇന്ത്യൻ അസോസിയേഷൻ സഹായിക്കുമെന്ന് അറിയിച്ചു .

## രാജ്യസുരക്ഷ ശക്തമാക്കുന്നു; അമേരിക്കയിൽ വിദേശ ഉൽപ്പന്നങ്ങൾക്ക് കടുത്ത നിയന്ത്രണം



രാജ്യത്തെ ടെലികോം–കമ്മ്യൂണിക്കേഷൻ സംവിധാനത്തെ അട്ടിമറിക്കാൻ ശ്രമിക്കുന്ന വിദേശരാജ്യങ്ങളുടെ നീക്കത്തെ തടയുകയെന്ന ലക്ഷ്യത്തോടെയാണ് ട്രംപിന്റെ ഈ പുതിയ തീരുമാനം.

# മിഡിൽ ഈസ്റ്റിൽ ആശങ്ക ഇല്ലെന്ന് യൂസഫലി;

## റീട്ടെയിൽ ശക്തിപ്പെടുത്താൻ യുസഫലിയ്ക്ക് ഷെയ്ഖ് മുഹമ്മദിന്റെ പിന്തുണ







റാഷിദിയയിലെ താമസക്കാർക്ക് ഇനി ലുലുവിന്റെ ഷോപ്പിംഗ് അനുഭവം. 170-ാം ഔട്ട്‌ലെറ്റ് ഇന്ന് തുറന്നു.

# ശസ്ത്രക്രിയക്ക് പിന്നാലെ രോഗി മരിച്ചു; മൃതദേഹം മോർച്ചറിയിലേക്ക് മാറ്റാതെ പ്രതിഷേധം:




ചേമഞ്ചേരി സ്വദേശി ബൈജു വാണ് പിത്താശയത്തിലെ കല്ല് നീക്കം ചെയ്യാനുള്ള ശസ്ത്രക്രിയക്ക് വിധേയനായ ശേഷം മരിച്ചത്. ഇത് സംബന്ധിച്ച് മുഖ്യമന്ത്രിക്കും ആരോഗ്യമന്ത്രിക്കും ബന്ധുക്കൾ പരാതി നൽകി.

# ഏഴ് സംസ്ഥാനങ്ങളിലെ 59 മണ്ഡലങ്ങൾ നാളെ പോളിംഗ് ബൂത്തിലേക്ക്; ഇന്ന് നിശബ്ദ പ്രചാരണം



543 ലോക്സഭാ മണ്ഡലങ്ങളിൽ ശേഷിക്കുന്ന 59 ഇടത്തേക്കാണ് നാളെ വോട്ടെടുപ്പ് നടക്കുന്നത്. ബിഹാറിലെ 8, ഹിമാചൽ പ്രദേശിലെ 4, ജാർഖിലെ 3, മധ്യപ്രദേശിലെ 8, പഞ്ചാബിലെ 13, ഉത്തർപ്രദേശിലെ 13, പശ്ചിമ ബംഗാളിലെ 9, ചണ്ഡിഗഢിലെ 1 ഉം സീറ്റുക ളാണ് അവസാന ഘട്ടത്തിൽ വോട്ട് ചെയ്യുക.

# വരാണസിയിൽ തിരഞ്ഞെടുപ്പ് നാളെ;

## മോദി കേദാർനാഥിലെത്തി പ്രാർത്ഥന നടത്തി

തിരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലനിൽക്കുന്നതിനാൽ കമ്മീഷന്റെ അനുമതിയോടെയാണ് പ്രധാനമന്ത്രി യുടെ ഉത്തരാഖണ്ഡ് സന്ദർശനമെന്ന് അദ്ദേഹത്തിന്റെ ഓഫീസ് അറിയിച്ചു.



# മദ്യവിൽപന ശാലകളിൽ അഴിമതി: നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കണമെന്നു വിജിലൻസ്.



സംസ്ഥാന വ്യാപകമായി മദ്യവിൽപന ശാലകളിൽ വിജിലൻസ് നടത്തിയ പരിശോധനയിൽ നിരവധി ക്രമക്കേടുകൾ കണ്ടെത്തിയിരുന്നു. ഇതുസംബന്ധിച്ചു സർക്കാരിന് സമർപ്പിക്കാനൊരുങ്ങുന്ന റിപ്പോർട്ടിലാണു ക്യാമറ സ്ഥാപിക്കണമെന്ന ശുപാർശയുള്ളത്.

# സൈനികൻ ഔറംഗസേബിനെ വധിച്ച ഭീകരനടക്കം മൂന്ന് ഭീകരർ ഏറ്റുമുട്ടലിൽ കൊല്ലപ്പെട്ടു.



കശ്മീരിലെ പുൽവാമയിലാണ് ഏറ്റുമുട്ടലുണ്ടായത്. ഷൗക്കത്ത് ദാർ, ഇർഫാൻ വാർ, മുസാഫർ ഷെയ്ഖ് എന്നിവരാണ് കൊല്ലപ്പെട്ടത്. സൈനികനായ ഔറംഗസേബ്, പോലീസ് ഉദ്യോഗസ്ഥനായ അക്വിബ് അഹമ്മദ് വാഗേ എന്നിവരെ കൊലപ്പെടുത്തിയ സംഘത്തിൽ ഉൾപ്പെട്ടയാളാണ് ഷൗക്കത്ത് ദാർ.

# നിഖാബ് ധരിച്ച് എത്തുന്നവരെ വോട്ട് ചെയ്യിക്കരുതെന്ന പ്രസ്താവന;

## സി.പി.എം മാപ്പ് പറയണമെന്ന് ചെന്നിത്തല



ന്യൂനപക്ഷ സമുദായങ്ങൾ എൽ.ഡി.എഫിനെ പൂർണ്ണമായും കൈവിട്ടതിന്റെ ജാള്യത മറയ്ക്കാനാണ് ഇത്തരത്തിൽ പ്രസ്താവനകൾ ഇറക്കിയിരിക്കുന്നതെന്നും പ്രതിപക്ഷനേതാവ് ആരോപിച്ചു.

# ലോകകപ്പ് ജേതാക്കൾക്ക് ഇത്തവണ ലോട്ടറി;

മേയ് 30–ന് ആരംഭിച്ച് ജൂലായ് 14–ന് അവസാനിക്കുന്ന ഈ വർഷത്തെ ലോകകപ്പിന്റെ സമ്മാനത്തുകയായി മൊത്തം 10 ദശലക്ഷം യു.എസ് ഡോളർ (ഏകദേശം 70 കോടിയിലേറെ) ആണ് ഐ.സി.സി ചെലവാക്കുന്നത്.




ഇത്ര വലിയ സമ്മാനത്തുക ചരിത്രത്തിൽ ആദ്യം.

# യു എ ഇയിലെ ഇന്നത്തെ നോമ്പുതുറസമയം

| ദുബായ് | അബുദാബി | ഷാർജ | അജ്മാൻ | ഫുജൈറ | റാസ് അൽഖൈമ | ഉമ്മൽ ഖുവൈൻ |
|---|---|---|---|---|---|---|
| 7.01 PM | 7.05 PM | 7.01 PM | 7.01 PM | 6.55 PM | 6.57 PM | 6.57 PM |